നഗരിയായിരുന്ന അയോദ്ധ്യയിലെ സർക്കാർ നടത്തുന്ന ഭിക്ഷാടന കേന്ദ്രത്തിൽ സംഭവിച്ച ഈ ദുരന്തം ഉദാഹരിച്ചു കാട്ടുന്നുണ്ട്.

'രാമരാജ്യ'ത്തിന്റെ ഇന്നത്തെ നില ഇതാണ്!

എന്നാണ് നമ്മുടെ നാട്ടുകാർ ഉണരുക? എന്നാണ് അവർ വീണ്ടും മനുഷ്യരായിത്തീരുക?

(19 ഫെബ്രുവരി, 1984)

# 38. ലയനത്തിനു ശേഷം

ശ്രീ കെ. കരുണാകരന്റെയും ശ്രീ എ. കെ. ആന്റണിയുടെയും നേതൃത്വങ്ങൾക്കു കീഴിൽ വിഘടിച്ചു നിന്ന കേരളത്തിലെ രണ്ടു കോൺഗ്രസ് വിഭാഗങ്ങൾ ഡിസംബർ 13-ാം തീയതി കൊച്ചിയിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ സന്നിധാനത്തിൽ പുനരൈക്യപ്പെട്ടു. ഒന്നിച്ചു നിന്നു തെരഞ്ഞെടുപ്പിനെ നേരിടുകയും മന്ത്രിസഭ രൂപവൽക്കരിക്കുകയും ചെയ്ത ഈ വിഭാഗങ്ങൾ ഏതാനും നാളുകൾ മുമ്പു മുതൽക്ക് ഒരൊററ സംഘടനയെന്ന നിലയിൽ പ്രവർത്തിച്ചുതുടങ്ങി. അവയുടെ ഇപ്പോഴത്തെ ഔപചാരികമായ 'ലയന'ത്തിന് അതിനാൽ, ഏറെക്കുറെ പ്രതീകാത്മകമായ പ്രാധാന്യം മാത്രമേ ഉള്ളൂ. വിഘടിച്ചുള്ള നിൽപ്പ് ഇനിയും തുടരുന്ന മററു കോൺഗ്രസ് വിഭാഗങ്ങളെക്കൂടി മാതൃസംഘടനയിലേക്കു തിരിച്ചുകൊണ്ടുവരാൻ ഈ ലയനം വളരെയൊന്നും ഉപകരിക്കുമെന്നു തോന്നുന്നില്ല. സന്ദർഭം വരികയാണെങ്കിൽ മാതൃസംഘടനയായ കോൺഗ്രസ് പാർട്ടിക്കകത്തുതന്നെ പുതിയ വിഘടനങ്ങൾ ഉണ്ടായിക്കൂടെന്നുമില്ല. ഗുജറാത്ത്, മഹാരാഷ്ട്രം മുതലായ മററു ചില സംസ്ഥാനങ്ങളിൽ അടുത്തകാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നതു് കോൺഗ്രസ് പാർട്ടിക്കകത്തു വിഘടനശക്തികൾ ഇപ്പോഴും സക്രിയങ്ങളാണെന്നാണല്ലോ. തീ അകത്തുണ്ട്, മഞ്ഞ് അഗ്നിപർവതത്തിന്റെ കൊടുമുടികളിൽ മാത്രമാണ്.

ഇന്ത്യയിൽ ജനാധിപത്യത്തെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുന്ന പല കാരണങ്ങളിലൊന്ന് രാഷ്ട്രീയകക്ഷികളുടെ അതിരുകവിഞ്ഞ എണ്ണപ്പെരുപ്പമാണ്. അധികാരം തങ്ങളുടെ കൈയിൽ അടക്കുന്നതിനുള്ള ഒരു ഉപകരണമെന്ന നിലയിൽ മാത്രമാണ് ഇന്ത്യയിലെ എല്ലാ രാഷ്ട്രീയകക്ഷികളും ഇവിടെ നിലവിലുള്ള ജനാധിപത്യസംവിധാനത്തെ നിരീക്ഷിക്കുന്നതു്. രാഷ്ട്രത്തിന് ഐക്യവും സമാധാനവും പുരോഗതിയും ആത്മവിശ്വാസവും ഉത്സാഹവും ഉളവാക്കുന്ന ഒരു നല്ല ഭരണം നൽകുന്നതിനുള്ള ഉപകരണമായി ജനാധിപത്യവ്യവസ്ഥിതിയെ കാണുന്നവർ ഇന്ത്യയിൽ ഇന്ന് ഉണ്ടോ എന്നു സംശയമാണ്. ഭരിക്കുന്ന കക്ഷികളും എതിർ കക്ഷികളും തമ്മിൽ ഇക്കാര്യത്തിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല. നാനാത്വം (പ്ളുരാലിററി) നിലവിലുള്ള ഒരു സമുദായത്തിൽ, വിഭിന്ന താല്പര്യക്കാർക്ക് ഏറെക്കുറെ സ്വീകാര്യമായ ഒരു മിതമധ്യമാർഗം കണ്ടെത്തി, അതിലൂടെ ഭരണം സമാധാനപരമായി നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിയാണ് ജനാധിപത്യമെന്ന രാഷ്ട്രീയവ്യവസ്ഥിതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതു്. കുഴപ്പം കൂടാതെ ഭരണം നടന്നുപോകുന്നതിനു സൗകര്യം നൽകുന്ന അവസരത്തിൽത്തന്നെ ജനാധിപത്യഭരണത്തോടു് എതിർപ്പുണ്ടെങ്കിൽ അതു നിയമവിധേയമായും നിരന്തരമായും നിർമാണാത്മകമായും പ്രകടിപ്പിക്കുന്നതിനുള്ള അവസര

ങ്ങൾകൂടി ജനങ്ങൾക്ക് നൽകുന്നുണ്ട്. ഈ എതിർപ്പ്, പക്ഷേ, അംഗീകൃതങ്ങളായ ചില മര്യാദകൾക്ക് വിധേയമായേ പ്രകടിപ്പിക്കാവൂ. ഭരണകക്ഷിയെ അധികാരഭ്രഷ്ടമാക്കുന്നതിന് എത്രതന്നെ ഹീനമോ, അധാർമികമോ ആയ അടവും കൈക്കൊള്ളാൻ എതിർകക്ഷികൾ തുടങ്ങിയാലും ബലാൽക്കാരത്തിലൂടെയും അക്രമത്തിലൂടെയും, അവർ എതിർപ്പു പ്രകടിപ്പിച്ചാലും, ഭരണം മാത്രമല്ല, ജനാധിപത്യവും അസാധ്യമായിത്തീരും. അതുപോലെ, എതിർകക്ഷികളുമായി ഇടപെടുമ്പോൾ ഭരണകക്ഷിയും ചില മര്യാദകൾ ദീക്ഷിച്ചേ മതിയാവൂ. അധികാരം കൈയിലുണ്ടെന്ന ധിക്കാരം ഒരിക്കലും ഭരണകക്ഷി പ്രകടിപ്പിച്ചുകൂടാ. സേവകർ യജമാനന്മാരായി അഭിനയിക്കുകയും അരുത്.

അടിസ്ഥാനകാര്യങ്ങളിൽ യോജിപ്പും, അവ നേടുന്നതിനായി അംഗീകരിക്കേണ്ട താൽക്കാലികപരിപാടികളെ സംബന്ധിച്ചു വിയോജിപ്പുമുള്ള രണ്ടു രാഷ്ട്രീയകക്ഷികൾ മാത്രമുള്ള ചുററുപാടിലാണ്, ഇന്ത്യയിലെ ഭരണഘടനാനിർമാതാക്കൾ വിഭാവനം ചെയ്തപോലെയുള്ള പാർലമെൻററി ജനാധിപത്യം സുഗമമായി പ്രവർത്തിക്കുക. കക്ഷികളുടെ എണ്ണം കൂടുന്ന തോതിനു മുമ്പു പറഞ്ഞ, ഭരണകക്ഷിയും എതിർകക്ഷിയും ദീക്ഷിക്കേണ്ട മര്യാദകൾ അപ്രായോഗികങ്ങളായിത്തീരുന്നു. കക്ഷികളുടെ എണ്ണപ്പെരുപ്പം നിമിത്തം ഭരിക്കുന്നവരും എതിർക്കുന്നവരും ഐക്യമുന്നണികളുണ്ടാക്കാൻ നിർബന്ധിതരാകുന്നു. സമ്മർദതന്ത്രത്തിൻെറ ഞാററടിയാണ് ഐക്യമുന്നണി. ഏതു് അഴിമതിയും ഐക്യമുന്നണിക്കകത്ത് അനുവദനീയമായിത്തീരുന്നു. ഒരാൾക്ക് എത്രയധികം തത്ത്വദീക്ഷയില്ലയോ അത്രയധികം പേരും പ്രശസ്തിയും വിജയവും ഐക്യമുന്നണിസംവിധാനത്തിനകത്ത് അയാൾക്കു കൈവരുന്നു. സാധാരണപൗരന്മാർ ചെയ്താൽ വിചാരണ ചെയ്തു ജയിലിലടയ്ക്കാൻ കാരണമാകുന്ന പല കുററങ്ങളും ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ ചെയ്യുന്ന രാഷ്ട്രീയപ്രവർത്തകർക്കു ക്ഷാമമില്ലാതായിത്തീരുന്നു. ഇത്തരം അഴിമതിക്കാരെ ഒഴിവാക്കാൻ ഭരണകക്ഷിക്കോ, അവരെ തുറന്നുകാട്ടാൻ എതിർപക്ഷത്തിനോ കഴിയാതെവരുന്നു.

ഇന്ത്യയിൽ കേരളമടക്കം എല്ലാ സംസ്ഥാനങ്ങളിലും, കേന്ദ്രത്തിലും, കണ്ടുവരുന്ന സ്ഥിതിവിശേഷത്തിന് ഒരു കാരണം കക്ഷികളുടെ ബാഹുല്യമാണ്. ഇന്ത്യയിലെ രാഷ്ട്രീയകക്ഷികൾ പരസ്പരം വിലയിച്ച് ഇടത്തും വലത്തും നടുവിലുമായി നിലകൊള്ളുന്ന മൂന്നു കക്ഷികൾ മാത്രം അവശേഷിക്കുന്നപക്ഷം, ഈ അനാശാസ്യനില വളരെയേറെ ഭേദപ്പെട്ടേക്കാം. പക്ഷേ, ഇങ്ങനെയൊരു സ്പൃഹണീയമായ പരിണാമത്തിലേക്കു കേരളത്തിലെ രണ്ടു കോൺഗ്രസ് വിഭാഗങ്ങളുടെ ഇപ്പോഴത്തെ ലയനം നയിക്കുമെന്നു തോന്നുന്നില്ല. മററു സംസ്ഥാനങ്ങളിൽ കോൺഗ്രസ് കക്ഷിക്കകത്ത് ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പൊട്ടിത്തെറികൾക്ക് ഈ ലയനം ഉപശാന്തി നൽകുമെന്നും കരുതിക്കൂടാ. അനേകം കക്ഷികളും അവയുടെ അവസരവാദക്കൂട്ടുകെട്ടുകളും ഇനിയും വളരെക്കാലത്തേക്ക് ഇന്ത്യയിൽ തുടർന്നുപോകാനാണു സാധ്യത.

ഇനി, മററു വിഘടിതവിഭാഗങ്ങൾകൂടി കോൺഗ്രസ്സിൽ ലയിച്ചാൽത്തന്നെ ആ കക്ഷിയുടെ ശക്തിയും സ്ഥിരതയും വർധിക്കുമെന്നും കരുതേണ്ടതില്ല. അസാധാരണ യോഗ്യതകളുള്ള ഇന്ദിരാഗാന്ധി നേതൃപദവിയിലുണ്ട് എന്നതാണ് കോൺഗ്രസ്സിൻെറ ഇന്നത്തെ ശക്തിനിദാനം. ഇടക്കാലത്തുണ്ടായ പരാജയം ഇന്ദിരാഗാന്ധിയുടെ പ്രഭാപരിവേഷത്തിനും മങ്ങലേല്പിച്ചിട്ടില്ല. ഇന്ത്യയിൽ എല്ലാ ജനങ്ങൾക്കും ഇന്ദിരാഗാന്ധിയെ നേരിട്ടറിയാം. മഹാത്മാഗാന്ധിക്കും ജവാഹർ

ലാൽ നെഹ്റുവിനും ശേഷം ഇത്രയും ജനപ്രിയത ഇന്ത്യയിൽ ലഭിച്ചിട്ടുള്ളത് ഇന്ദിരാഗാന്ധിക്കു മാത്രമാണ്. അന്താരാഷ്ട്രീയരംഗത്ത് ഇന്ത്യയുടെ പ്രശസ്തി വർധിപ്പിക്കുന്നതിൽ ഇന്ദിരാഗാന്ധിക്കു കൈവന്ന വിജയം അസൂയാവഹമാകുന്നു. അതുല്യമായ വിവേകവും, തളർച്ചകൂടാതെ നിരന്തരം അദ്ധ്വാനിക്കുന്നതിനുള്ള ശേഷിയും ഇന്ദിരാഗാന്ധിക്കുണ്ട്. അനുചിതമായ ഒരു വാക്ക് അപൂർവമായേ അവരുടെ ചുണ്ടിൽനിന്നു വീഴാറുള്ളു. ഇന്ത്യയിൽ മാത്രമല്ല, ലോകത്തിലാകെത്തന്നെ ഇന്നുള്ള നേതാക്കൾക്കിടയിൽ അഭ്യർഹിതമായ ഒരു സ്ഥാനം ഇന്ദിരാഗാന്ധി സ്വന്തം യോഗ്യതയിലൂടെ നേടിയിട്ടുണ്ട്. ഇതൊന്നും ആർക്കും നിഷേധിക്കാൻ കഴിയുകയില്ല.

ഇന്ദിരാഗാന്ധിയുടെ അചോദ്യമായ നേതൃത്വമാണ് കോൺഗ്രസ്സിൻെറ ഇന്നത്തെ ശക്തികേന്ദ്രമെങ്കിൽ, ആ കക്ഷിയുടെ ദൗർബല്യകേന്ദ്രവും മറ്റൊന്നല്ല. ഇന്ദിരാഗാന്ധിയോടു കിടനിൽക്കുന്നവർ പോയിട്ട്, അവരോട് ആവശ്യമെങ്കിൽ എതിർത്തു സംസാരിക്കാൻ കഴിവോ, ധൈര്യമോ ഉള്ളവർപോലും, ആ കക്ഷിയുടെ നേതൃവേദിയിലില്ല. ഒരു കക്ഷിയുടെ പ്രശസ്തി അതിൻെറ പരമോന്നത നേതാവിനെ ആശ്രയിച്ചു നില കൊണ്ടേക്കും. എന്നാൽ, ഒരു കക്ഷിയുടെ കാര്യക്ഷമത അതിൻെറ രണ്ടാമത്തെയും മൂന്നാമത്തെയും അവയ്ക്കു താഴെയുമുള്ള സ്ഥാനങ്ങളിലിരിക്കുന്ന നേതാക്കളിലാണ്. തീരുമാനിക്കപ്പെട്ടുകഴിഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതു് ഈ താഴേക്കിട നേതാക്കന്മാരാണല്ലോ. അവരുടെ കാര്യത്തിൽ കോൺഗ്രസ്സിൻെറ നില പരിതാപകരമെന്നല്ല, 'ശുദ്ധശൂന്യം' എന്നുതന്നെയാണു പറയേണ്ടതു്. കോൺഗ്രസ്സിലെ സംസ്ഥാനതല നേതാക്കന്മാരിൽ അധികംപേരും ദുർബലരും കഴിവില്ലാത്തവരുമാണ്. കഴിവുള്ള ചിലരുണ്ടെങ്കിൽ, കുടിലമാർഗങ്ങളിലാണ് അവരുടെ വൈദഗ്ധ്യം. കഴിവുള്ളവരും കഴിവില്ലാത്തവരും ഏറെക്കുറെ ഒരുപോലെ അഴിമതിക്കാരെന്നു പേരെടുത്തിട്ടുമുണ്ട്. കോൺഗ്രസ് കക്ഷിക്കകത്തെ പൊട്ടലുകൾക്കും ചീററലുകൾക്കും, 'ആയാരാമ'ന്മാരുടെയും 'ഗയരാമ'ന്മാരുടെയും വിക്രിയകൾക്കും എല്ലാം ഉത്തരവാദികൾ ഈ പിടിപ്പുകെട്ട സംസ്ഥാനതലനേതാക്കന്മാരാകുന്നു. സേവനത്തിൻെറ പാരമ്പര്യമോ, ഉദ്ദേശശുദ്ധിയോ, കാര്യപ്രാപ്തിയോ, വ്യക്തിത്വമോ ഉള്ള അപൂർവം ചിലർ അവർക്കിടയിലും ഇല്ലായ്കയില്ല. പക്ഷേ, മേല്ക്കൈ മറേറ കൂട്ടർക്കുതന്നെ. രാഷ്ട്രീയമായ സ്ഥിരലക്ഷ്യങ്ങളോ, തെററായ ഏതു കാൽവെപ്പിനേയും തടയുന്ന ആന്തരമായ ധർമ്മബോധമോ, സാമാന്യമായ സംസ്കാരംപോലുമോ ഇല്ലാത്ത ഇവർ ഭരണനേതൃത്വത്തിലൂടെ കൈവരുന്ന അധികാരത്തെ, തങ്ങളുടെയും ആശ്രിതരുടെയും സ്വാർത്ഥപൂരണത്തിനുള്ള മാർഗമായേ കാണുന്നുള്ളു. ഈ സന്ദർഭത്തിൽ ആന്തുലേയുടെ ഉദാഹരണം എല്ലാവരും ഓർമിക്കും. എന്നാൽ, ആന്തുലേ ഒററപ്പെട്ട ഒരു പ്രതിഭാസമല്ല എന്നു മറക്കരുതു്. സർവസാധാരണമായ ഒരു പ്രവണതയുടെ പ്രതിനിധി മാത്രമാണ് ആന്തുലേ.

ഭരണാധികാരം ലഭിച്ചിട്ടും, ജനങ്ങൾക്കു സദ്ഭരണം നൽകുന്നതിൽ മിക്ക സംസ്ഥാനങ്ങളിലും കോൺഗ്രസ് പരാജയപ്പെട്ടിരിക്കുന്നതു് ഇക്കാരണത്താലാണ്. റൗഡികളുടെ അക്രമങ്ങളിൽനിന്നു മര്യാദക്കാരുടെ ജീവനു രക്ഷ നല്കാനുള്ള പ്രാഥമികമായ കഴിവുപോലും ഇന്ത്യയിൽ പലേടത്തും സർക്കാരിനു നഷ്ടപ്പെട്ടിരിക്കുന്നു. റൗഡികൾക്കാണെങ്കിൽ, ഭരണകക്ഷികളും എതിർകക്ഷികളും വേണ്ടത്ര സംരക്ഷണം നൽകുകയുംചെയ്യുന്നു. രാഷ്ട്രീയപ്പാർട്ടികളുമായി ബന്ധപ്പെട്ട സംഘടിതമായ റൗഡികളെ ഏതു പ്രദേശത്തും കാണാം. തെരഞ്ഞെടുപ്പുകൾക്കും ശക്തിപ്രകടനങ്ങൾക്കും മററുമായി ഭീമമായ തുകകൾ കള്ളപ്പണ

ക്കാരിൽനിന്നു കൂടെക്കൂടെ പിരിച്ചെടുക്കേണ്ടതു് ആവശ്യമായി വന്നിരിക്കയാൽ, പണം നൽകുന്നവർ ചെയ്യുന്ന ഏതു് അഴിമതിക്കും കൂട്ടുനില്ക്കാൻ എല്ലാ രാഷ്ട്രീയകക്ഷികളും നിർബന്ധിതമാകുന്നു. അധികാരമണ്ഡലങ്ങളിലെ അഴിമതികൾ ചീഞ്ഞുനാറി പൊതുജീവിതമാകെ മലീമസമായിരിക്കുന്നു. ഇതിനെല്ലാററിനും പുറമേ, സാർവത്രികമായ സാമ്പത്തികമാന്ദ്യവും തൊഴിലില്ലായ്മയും വിലവർധനയും, ഇപ്പോൾ വരൾച്ചയും, യുദ്ധഭീഷണിയും എല്ലാംചേർന്നു സാധാരണക്കാരനു ജീവിതം ദുർവഹമായിരിക്കുകയാണു്. നൈരാശ്യവും ലക്ഷ്യശൂന്യതയും യുവജനങ്ങളെ അപഥങ്ങളിലേക്കു നയിക്കുന്നു.

കേന്ദ്രത്തിലും മിക്ക സംസ്ഥാനങ്ങളിലും ഭരണച്ചുമതല വഹിക്കുന്ന കക്ഷിയെന്ന നിലയിൽ, ജനതയുടെ ഭൗതികവും ആത്മീയവുമായ ഈ അധഃപതനത്തെപ്പററി ഗാഢമായി ചിന്തിക്കാനും, സാധ്യമായ വിധത്തിലെല്ലാം അതിനു പ്രതിവിധിചെയ്യാനും കോൺഗ്രസ്കക്ഷി ഉത്തരവാദപ്പെട്ടിരിക്കുന്നു. തല്ക്കാലത്തെ ഇടക്കാലതെരഞ്ഞെടുപ്പുകൾ പ്രധാനം തന്നെ; പക്ഷേ, അവയേക്കാൾ ദീർഘകാലപ്രാധാന്യമുള്ളതു് രാഷ്ട്രജീവിതത്തെ കരണ്ടുതിന്നുന്ന മാരകരോഗങ്ങൾക്കു് എങ്ങനെ പ്രതിവിധി കാണാമെന്നതിനാണു്. ഇത്തരമൊരു ചിന്ത, പക്ഷേ, ഭരണകക്ഷിയിൽ ഇനിയും വേണ്ടത്ര ആഴത്തിൽ വേരുപിടിച്ചതായി കാണുന്നില്ല. 'ക്രൈസിസ് മാനേജ്മെൻറി'ൽക്കവിഞ്ഞ ഒന്നായി ആരും രാജ്യഭരണത്തെ കരുതുന്നില്ല.

ലയനാഹ്ലാദം കെട്ടടങ്ങിയ ശേഷമെങ്കിലും, ഈ മൗലികപ്രശ്നത്തെപ്പററി കേരളത്തിലെ കോൺഗ്രസ്സുകാർ ആലോചിക്കുമോ? കേരളത്തിലും ജനങ്ങൾ ആവശ്യപ്പെടുന്നതു് സർക്കാരിൻെറയോ, രാഷ്ട്രീയകക്ഷികളുടെയോ, റൗഡികളുടെയോ ഇടപെടൽ കഴിവുള്ളിടത്തോളം ഒഴിവാക്കി, സമാധാനപൂർവം സ്വന്തം പണി നോക്കാനുള്ള അവസരം തങ്ങൾക്കു ലഭിക്കണമെന്നാണു്. ഗവണ്മെൻറ് വലിയ മലയൊന്നും മറിക്കാൻ പോവുന്നില്ല എന്നു ജനങ്ങൾക്കു് ഇതിനകം ബോദ്ധ്യമായിട്ടുണ്ടു്. ഈ രാജ്യത്തെ വ്യവസായവൽക്കരിക്കുന്നതിൽ ഇന്നോളം കേരളത്തിലുണ്ടായ എല്ലാ സർക്കാരുകളും പരാജയപ്പെട്ടിരിക്കുന്നു. സർക്കാരുകൾ നൽകുന്ന പ്രോത്സാഹനം വർദ്ധിക്കുന്ന തോതിനു് ഇവിടെ കൃഷി ക്ഷയിച്ചുകൊണ്ടിരിക്കുകയാണു്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനെപ്പററി സർക്കാരുകൾ കൂടുതൽക്കൂടുതൽ വാചാലങ്ങളായിക്കൊണ്ടിരിക്കെ കൂടുതൽക്കൂടുതൽ യുവജനങ്ങൾ തൊഴിലോ വരുമാനമോ ഇല്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവരുന്നു. ഏതു ജീവിതമണ്ഡലത്തെയാണു് സർക്കാരിൻെറ ഇടപെടൽ ഭ്രഷ്ടവും ദൂഷിതവുമാക്കാത്തതു്? സർക്കാരിൽനിന്നു് (രാഷ്ട്രീയപാർട്ടികളിൽനിന്നും) സാധാരണജനങ്ങൾക്കു വലിയ പ്രതീക്ഷകളൊന്നും ഇന്നില്ല. വിദ്യുച്ഛക്തിയും വെള്ളവും ബസ്സും തീവണ്ടിയും തപാലും കമ്പിയും അരിയും പാലും (ഇവയെല്ലാം നിയന്ത്രിക്കുന്നതു സർക്കാരാണല്ലോ) മുടങ്ങരുതേ എന്നും, ഭയം കൂടാതെ വീട്ടിൽ കിടന്നുറങ്ങാൻ കഴിയണേ എന്നും, സ്കൂളിൽ പോയ കുട്ടികൾ ആപത്തുകൂടാതെ തിരിച്ചുവരണേ എന്നും ഒക്കെയാണു്—അത്രമാത്രമാണു്—സാധാരണജനങ്ങളുടെ പ്രാർത്ഥന. ഈ പ്രാർത്ഥന, നിറവേററിക്കൊടുക്കാൻ ഒരു ശ്രമം സർക്കാരിൻെറ ഭാഗത്തുനിന്നു് ഉണ്ടായാൽ, ജനങ്ങളുടെ കരൾ നിറഞ്ഞ കൃതജ്ഞത സർക്കാരിനു് അവകാശപ്പെട്ടതായിരിക്കും. ജനങ്ങൾക്കു സദ്ഭരണം നൽകാൻ കഴിവുണ്ടോ എന്നതാണു് ഏതു സർക്കാരിൻെറയും മുമ്പിലുള്ള ആദ്യത്തെ വെല്ലുവിളി. ആ വെല്ലുവിളി നേരിടാൻ കഴിവില്ലാത്തവർ ഭരണഭാരം ഏറെറടുക്കാൻ വേഷംകെട്ടി മുന്നോട്ടു വരരുതു്.

(5 ഡിസംബർ, 1982)